അതിൻ പ്രകാരം സ്റ്റേഷനറി കൺട്രോളർ ദർഘാസ് ക്ഷണിക്കുകയും ചെയ്തിട്ടുണ്ട്. ആയത് 20-7-2004-ൽ തുറന്ന് അനന്തര നടപടികൾ കൈക്കൊള്ളുന്നതാണ്. താമസംവിനാ ഉന്നത വിദ്യാഭ്യാസ വകുപ്പ് പേപ്പർ വാങ്ങുന്നതിനുള്ള അനുമതിയും നൽകും. ഇങ്ങനെ 2005-2006 വർഷത്തേക്കുള്ള പാഠപുസ്തകങ്ങൾ 2005 മാർച്ച് മാസം തീരുന്നതിനു മുമ്പ് തന്നെ അച്ചടിച്ചു തീർക്കാനാണ് പദ്ധതി ഇട്ടിരിക്കുന്നത്. പാഠപുസ്തക അച്ചടി സംബന്ധിച്ച് 7-6-2004-ൽ ചീഫ് സെക്രട്ടറി ഒരു ഉന്നത തലയോഗം വിളിച്ചു കൂട്ടിയിരുന്നു. സാമ്പത്തിക വർഷാരംഭത്തിൻ മുമ്പ് തന്നെ ധനകാര്യവകുപ്പിന്റെ അനുമതിയോടുകൂടി പാഠപുസ്തക അച്ചടിക്കാവശ്യമായ പേപ്പർ വാങ്ങുന്നതിനുള്ള ഭരണാനുമതി നൽകണമെന്ന് ചീഫ് സെക്രട്ടറി നിർദ്ദേശിക്കുകയുണ്ടായി. 2005-2006 വർഷത്തേക്കുള്ള നടപടികൾ ഇതിനോടകം ആരംഭിച്ചു കഴിഞ്ഞതിനാൽ ഈ സംവിധാനം 2006-2007 വർഷം മുതൽ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇപ്രകാരം ഭരണാനുമതി നൽകി കഴിഞ്ഞാൽ പാഠപുസ്തക അച്ചടി അദ്ധ്യയനവർഷം തുടങ്ങുന്നതിന് മുമ്പ് തന്നെ പൂർത്തിയാക്കാൻ കഴിയുമെന്ന് ഉദ്ദേശിക്കുന്നു.

പ്രിയദർശിനി പ്ലാനറ്റേറിയം കോൺഫറൻസ് ഹാൾ രാഷ്ട്രീയ പാർട്ടി യോഗങ്ങൾക്ക് വാടകയ്ക്ക് നൽകുന്ന നടപടി

149 [T1559] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തെ പ്രിയദർശിനി പ്ലാനറ്റേറിയം കോൺഫറൻസ് ഹാൾ രാഷ്ട്രീയപാർട്ടി യോഗങ്ങൾക്ക് വാടകയ്ക്ക് നൽകാറുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ രാഷ്ട്രീയ പാർട്ടികളുടെ യോഗങ്ങളാണ് ഇവിടെ ചേർന്നിട്ടുള്ളതെന്നതിന്റെ വിശദാംശം നൽകുമോ;

(സി) ഇല്ലെങ്കിൽ 2004 ജൂൺ 2-ന് കോൺഗ്രസ് പാർട്ടിയുടെ യോഗം ചേരുന്നതിന് അനുമതി നൽകിയത് ആരായിരുന്നു;

(ഡി) പ്രിയദർശിനി പ്ലാനറ്റേറിയം കോൺഫറൻസ് ഹാൾ വാടകയ്ക്ക് നൽകുന്നതിന് എന്തൊക്കെ വ്യവസ്ഥകളാണ് നിഷ്കർഷിച്ചിട്ടുള്ളത്;

T മാറ്റി വെയ്ക്കപ്പെട്ട ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(എഫ്) കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ വാടക ഇനത്തിൽ എത്ര തുക വരുമാനം ലഭിച്ചു എന്നതിന്റെ വിശദമായ സ്റ്റേറ്റ്മെന്റും ലഭ്യമാക്കുമോ?

ഉത്തരം

(എ) പ്രത്യേക കേസായി ചിലപ്പോൾ അനുവദിക്കാറുണ്ട്.

(ബി ആന്റ് സി) കെ.പി.സി.സി.-യുടെ എക്സിക്യൂട്ടീവ് യോഗം 9-6-2003, 23-2-2004, 2-6-2004 തീയതികളിൽ ഇവിടെ വച്ച് നടത്തിയിട്ടുണ്ട്.

(ഡി ആന്റ് ഇ) കോൺഫറൻസ് ഹാൾ/സെമിനാർ ഹാൾ എന്നിവ അനുവദിക്കുന്നതു സംബന്ധിച്ച 8-3-1995-ലെ പതിനാലാമത് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(എഫ്) കഴിഞ്ഞ അഞ്ച് വർഷങ്ങളിൽ വാടക ഇനത്തിൽ ലഭിച്ച വരുമാനം ഇപ്രകാരമാണ്.

1999-2000	. .	1,57,000	രൂപ
2000-2001	. .	1,48,500	,,
2001-2002	. .	1,92,500	,,
2002-2003	. .	2,12,800	,,
2003-2004	. . .	3,02,050	,,

പബ്ലിക് റിലേഷൻസ് വകുപ്പ് പുറത്തിറക്കിയ പുസ്തകങ്ങൾ

150 [1560] ഡോ. തോമസ് ഐസക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഇൻഫർമേഷനും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പബ്ലിക് റിലേഷൻസ് വകുപ്പ് പുറത്തിറക്കിയ പുസ്തകങ്ങൾ, പോസ്റ്ററുകൾ, പാംഫ്ലെറ്റുകൾ ഇവ ഏതെല്ലാമാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഓരോ പ്രസിദ്ധീകരണത്തിനും എത്ര തുക വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) ഇവയിൽ പരസ്യത്തിലൂടെ സർക്കാരിന് എന്തു തുക ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly